# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1520      10-02-2020-ന് മറുപടിയ്ക്ക്

### കോന്നി കേന്ദ്രമാക്കി പ്രത്യേക കാർഷിക മേഖല

| ചോദ്യം<br><br>ശ്രീ. കെ.യു. ജനീഷ് കുമാർ | | ഉത്തരം<br><br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിൽ കോന്നി കേന്ദ്രമാക്കി ഒരു പ്രത്യേക കാർഷിക മേഖല(സ്പെഷ്യൽ അഗ്രി കൾച്ചറൽ സോൺ) രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ)<br>&<br>(ബി) | കേരളത്തിലെ കാർഷിക മേഖലയെ കാലാവസ്ഥ, ഭൂപ്രകൃതി, മണ്ണിന്റെ സ്വഭാവം മുതലായവ അടിസ്ഥാനമാക്കി താഴെ പറയും പ്രകാരം 5 കാർഷിക പാരിസ്ഥിതിക മേഖലകൾ (അഗ്രോ ഇക്കോളജിക്കൽ സോൺ) ആയി വിഭജിച്ചു കൊണ്ട് 25-05-2019 തീയതിലെ ജി.ഒ.(ആർ.ടി.) നമ്പർ 66/2019/അഗ്രി പ്രകാരം ഉത്തരവായിട്ടുണ്ട്.<br><br>AEZ-1 കോസ്റ്റൽ പ്ലെയിൻ<br>AEZ-2 മിഡ് ലാൻഡ് ലാറ്ററൈറ്റ്<br>AEZ-3 ഫൂട്ട് ഹിൽസ്<br>AEZ-4 ഹൈ ഹിൽസ്<br>AEZ-5 പാലക്കാട് പ്ലെയിൻസ്<br><br>2020-21 സാമ്പത്തിക വർഷം മുതൽ കൃഷിവകുപ്പു മുഖേന നടപ്പിലാക്കുന്ന വിള അടിസ്ഥാനത്തിലുള്ള പദ്ധതികളെല്ലാം പ്രസ്തുത സോണുകൾ അടിസ്ഥാനമാക്കി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. അഗ്രോ ഇക്കോളജിക്കൽ സോണുകളെ 23 അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളാക്കി; ഇവ അടിസ്ഥാനമാക്കിയുള്ള വിള നിർണയം ചെയ്യുന്ന നടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | എങ്കിൽ തോട്ടവിളകളെ സംരക്ഷിക്കാനുതകുന്ന രീതിയിൽ പ്രസ്തുത മേഖല ആരംഭിക്കുമോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ